# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2666 14.12.2015-ൽ മറുപടിക്ക്

### മാൻഹോൾ അപകടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എം.ഉമ്മൻ മാസ്റ്റർ : | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ. | ഡ്രെയിനേജ് മാൻഹോൾ വൃത്തിയാക്കാനിറങ്ങിയ രണ്ട് തൊഴിലാളികളും സഹായിക്കാൻ ശ്രമിച്ച മറ്റൊരാളും വിഷവാതകം ശ്വസിച്ച് മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. | വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ തൊഴിലാളികളെക്കൊണ്ട് ജോലിചെയ്യിച്ച് അപകട മരണം ക്ഷണിച്ചു വരുത്തി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് ഉത്തരവാദികളായവർക്കെതിരെ നരഹത്യയ്ക്കുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ; | ബി. | ഉണ്ട്. വേണ്ടത്ര മുൻകരുതൽ സ്വീകരിക്കാതെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരുടെ ജീവനക്കാർക്കെതിരെ ഈ അപകടവുമായി ബന്ധപ്പെട്ട് പോലീസ് ക്രിമിനൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. |
| സി. | മരണമടഞ്ഞവരുടെ കുടുംബത്തിന് സഹായം നൽകിയിട്ടുണ്ടോ ; | സി. | മരിച്ച രണ്ട് തൊഴിലാളികളുടെ ബന്ധുക്കൾക്ക് പ്രവൃത്തി എടുത്ത കരാറുകാർ ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. അപകടത്തിൽപ്പെട്ട |

| | |
|---|---|
| വിശദാംശങ്ങൾ നൽകമോ ? | തൊഴിലാളികളെ സഹായിക്കാൻ ശ്രമിച്ച് മരണമടഞ്ഞ നൗഷാദ് എന്ന ആളുടെ കുടുംബത്തിന് കരാർ കമ്പനി മൂന്ന് ലക്ഷം രൂപ നൽകിയതായും, കരാർ വ്യവസ്ഥ പ്രകാരമുള്ള വർക്ക്മാൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് നഷ്ടപരിഹാര തുകയായ 14.30 ലക്ഷം രൂപ കരാറു കാരൻ ഇൻഡസ്ട്രിയൽ ട്രൈബ്യൂണിൽ കെട്ടിവച്ചിട്ടുള്ളതായും അറിയാൻ കഴിഞ്ഞ തായി കേരള വാട്ടർ അതോറിറ്റി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ